മായം ചേർത്ത വെളിച്ചെണ്ണയുടെ ഉൽപാദനവും, വിതരണവും തടയുന്നതിനായി ഫുഡ് സേഫ്റ്റി കമ്മീഷണർ വെളിച്ചെണ്ണയുടെ ബ്രാൻഡുകൾ രജിസ്റ്റർ ചെയ്യുന്ന സംവിധാനം നടപ്പാക്കിയിരിക്കുന്നു. ഇതിൻപ്രകാരം എല്ലാ വെളിച്ചെണ്ണ ഉല്പാദകരും, പാക്ക് ചെയ്യുന്നവരും അന്യസംസ്ഥാനങ്ങളിൽ നിന്നും വെളിച്ചെണ്ണ വാങ്ങി വിൽപ്പന നടത്തുന്ന വിതരണക്കാരും തങ്ങളുടെ ബ്രാൻഡുകൾ ഫുഡ് സേഫ്റ്റി അസിസ്റ്റന്റ് കമ്മീഷണർ മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യാത്ത വെളിച്ചെണ്ണ പരിശോധനയിൽ കണ്ടെത്തിയാൽ ആയത് പിടിച്ചെടുക്കുകയും മറ്റു നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.